"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 01.02.2025-ലെ 12(1), 25.03.2025-ലെ 5(1) എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.91/2026/LSGD തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-

1. ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 01.02.2025-ലെ 12(1) നമ്പർ തീരുമാനം.
2. ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 25.03.2025-ലെ 5(1) നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.08.2025-ലെ LSGD/PD/11201/2025-REV3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ഉലട്ടിമൂട് എന്ന സ്ഥലത്ത് പാറഖനനം നടത്തുന്നതിന് ശ്രമങ്ങൾ നടക്കുന്നതായുള്ള പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ക്വാറി പ്രവർത്തനം നടത്തുന്നതിന് ലൈസൻസിനായുള്ള ശ്രീ.റ്റി.ഡി.പൊൻരാജ് എന്നയാളുടെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു. ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ ക്വാറി ആന്റ് സെയിൽസ് നടത്തുന്നതിന് 2019-ൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ ലൈസൻസ് പുതുക്കുന്നതിനായി ശ്രീ.റ്റി.ഡി.പൊൻരാജ് സമർപ്പിച്ച അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ ക്വാറി നടത്തുന്നതിന് ലൈസൻസ് പുതുക്കി നൽകാവുന്നതാണെന്ന ഭിന്നാഭിപ്രായം സെക്രട്ടറി യോഗത്തിൽ അറിയിച്ചു. 25.03.2025-ലെ യോഗത്തിൽ വിഷയം വീണ്ടും വരുകയും എന്നാൽ മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം 2 പ്രകാരം ഭരണസമിതി തീരുമാനമെടുത്തു. തുടർന്ന് പഞ്ചായത്ത് സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 233(3) പ്രകാരം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എത്രയും വേഗം അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടേയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ്

പ്ലാന്റിന്റേയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത് അപേക്ഷയും സെക്രട്ടറിയുടേയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അധികാരികളുടേയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം, കഴിയുന്നതുംവേഗം എങ്ങനെയായിരുന്നാലും അപേക്ഷകിട്ടിയ തീയതിമുതൽ 30 ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 232 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്തെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ള സംഗതിയിൽ ക്വാറി പ്രവർത്തിക്കുന്നതിനുള്ള അനുവാദം നിരസിക്കുന്നതിന് നിയമപരമായി പഞ്ചായത്തിന് അധികാരം ഇല്ലാത്തതാണ് എന്ന് പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1, 2 തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം 191 (2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്, ഒറ്റശേഖരമംഗലം പി.ഒ., തിരുവനന്തപുരം ജില്ല - 695 125.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ,ഐ&പിആർഡി/വെബ് &ന്യൂമീഡിയ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി [LSGD-RC3/152/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 12-01-2026 15:23:58

സെക്ഷൻ ഓഫീസർ